**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. സഞ്ജയ് ഹക്കിമിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എറണാകുളത്തെ റിനായി മെഡിസിറ്റി മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.156/2018/തസ്വഭവ — തീയതി, തിരുവനന്തപുരം,18.01.2018

---

പരാമർശം :
1) 11/07/12 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2) ശ്രീ. സഞ്ജയ് ഹക്കിമിന്റെ 25/02/2016 ലെ അപേക്ഷയും ബില്ലുകളും.
3) പഞ്ചായത്ത് ഡയറക്ടറുടെ 10/11/2017 ലെ F2-13199/2016 നമ്പർ കത്ത്.
4) മുക്കന്നൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/01/2016 ലെ IV(k)-ാം നമ്പർ തീരുമാനം.
5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18/08/2017 ലെ MRS-98273/16/DHS നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. സഞ്ജയ് ഹക്കിമിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എറണാകുളത്തെ റിനായി മെഡിസിറ്റി മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് വഹിക്കേണ്ടിവന്ന ചികിൽസാ ചെലവിൽ 2,46,262/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 1,97,010/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി പത്ത് രൂപാ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക മുക്കന്നൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പുവരുത്തി എറണാകുളം ജില്ലയിലെ മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ. സഞ്ജയ് ഹക്കിമിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് എറണാകുളത്തെ റിനായി മെഡിസിറ്റി മൾട്ടി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 2,46,262/- രൂപയുടെ 80% ആയ 1,97,010/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി പത്ത് രൂപാ മാത്രം) 1960 ലെ KGSMA റൂൾസിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ മുക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ&എ) കേരള, തിരുവനന്തപുരം.
ശ്രീ. സഞ്ജയ് ഹക്കീം, അക്കൗണ്ടന്റ്, മുക്കന്നൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (01/10/2016 ലെ യു.ഒ.നം. 685010/2016/H&FWD പ്രകാരം) .
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (No. 685010/EPA3/16/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ